**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2984** **22.6.2012-ൽ മറുപടിയ്ക്ക്**

**പുരയിടകൃഷിരീതി സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; അതിനായി ഈ സാമ്പത്തിക വർഷം എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി കൃഷിവകുപ്പ് ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം നൽകി വരുന്നു. ബ്ലോക്കുകൾ കേന്ദ്രമാക്കിയുള്ള ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തും. ക്ലസ്റ്റുകളിൽ ആവശ്യം വേണ്ടുന്ന സാങ്കേതിക വിപണന സൗകര്യങ്ങൾ നൽകി പോളിഹൗസ്, ഓപ്പൺ ഹൈടെക് കൃഷി രീതികൾ എന്നിവ പ്രോത്സാഹിപ്പിച്ച് വിപുലമായ രീതിയിൽ പച്ചക്കറി കൃഷിയുടെ വികസനത്തിനുവേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ മുനിസിപ്പാലിറ്റികളിൽ മട്ടുപ്പാവ് കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക. ജില്ലാ ക്ലസ്റ്റർ വികസിപ്പിക്കുക എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>മേൽ പദ്ധതിയികൾക്കായി 2012-13 സാമ്പത്തിക വർഷം 42.5 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്.. |

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ താഴെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

- 14 ജില്ലകളിലും കൂടുതൽ പ്രദേശങ്ങളിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും അതുവഴി 2012 –13 കാലയളവിൽ വി.എഫ്.പി.സി.കെ. കർഷകരുടെ പച്ചക്കറി കൃഷി 22000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.
- 650 പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും 20000 പുതിയ കർഷകരെ വി.എഫ്.പി.സി.കെ.യിൽ അംഗങ്ങളാക്കുകയും ചെയ്യുക.
- കർഷക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക ഗുണമേന്മയുള്ള 65 മെട്രിക് ടൺ പച്ചക്കറി വിത്ത് ഉല്പാദിപ്പിച്ച് വിതരണം നടത്തുക.
- ശീതകാല പച്ചക്കറി കൃഷി 100 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുക.
- ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള പച്ചക്കറി ഇനങ്ങളുടെ 25 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക.
- പച്ചക്കറി കൃഷിയിൽ നൂതന സാങ്കേതിക വിദ്യകളായ പ്രിസിഷൻ ഫാമിങ്ങ്, ഹൈടെക് അഗ്രിക്കൾച്ചർ, പോളി ഹൗസ് പദ്ധതി മുതലായവ നടപ്പിലാക്കുക.
- 60 കോടി രൂപ പഴം പച്ചക്കറിമേഖലയിലെ കർഷകർക്ക് വിവിധ ബാങ്കുകൾ വഴി വായ്പയായി ലഭ്യമാക്കുക.
- പഴം പച്ചക്കറി വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുകയും കർഷകർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും, ലൈഫ് ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുകയും ചെയ്യുക .
- ഓർഗാനിക് ഫാമിങ്ങ് കൃഷിരീതി പ്രോത്സാഹിപ്പിക്കുക .

- മണ്ണ് പരിശോധന നടത്തുകയും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും ചെയ്യുക.
- കൗൺസിലിന്റെ വിപണിവഴിയുള്ള വ്യാപാരം 3 ലക്ഷം ടണ്ണായി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.
- കർഷക പങ്കാളിത്തത്തോടെയുള്ള കാലാവസ്ഥാ വിവരശേഖരണം നടത്തുക.
- ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നുള്ള ഡാറ്റ വിശകലനം ചെയ്ത് കർഷകരിലെത്തിക്കുക.
- 14 പുതിയ കാർഷിക വിപണികളുടെ രൂപീകരണം, 274 നിലവിലുള്ള വിപണികളുടെ നിലനിൽപ്പ്, സ്വാശ്രയത്വം എന്നിവയ്ക്കുള്ള സഹായം.
- കർഷക വിപണികളുടെ വികസനവും, നെറ്റ് വർക്കിംഗ് സംവിധാനം ഏർപ്പെടുത്തലും നടപ്പിലാക്കുക.
- Fair Price സംവിധാനം നടപ്പിലാക്കുകയും എല്ലാ ഉല്പന്നങ്ങൾക്കും അടിസ്ഥാനവില നിശ്ചയിക്കുകയും ചെയ്യുക.
- പഴം പച്ചക്കറി മേഖലയിലെ ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

തിരുവനന്തപുരം ജില്ലയിൽ പച്ചക്കറി ഉൽപാദ നത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2011-12 വർഷത്തിൽ നടപ്പിലാക്കിയ 'വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് '. എന്ന പദ്ധതി 2012-13-ൽ നടപ്പിലാക്കുവാനായി ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്കിലെ കാന്തല്ലൂർ, വട്ടവട

പഞ്ചായത്തുകളിൽ വാണിജ്യാടി സ്ഥാനത്തിലുള്ള ശീതകാല പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 1164.05 ലക്ഷം രൂപയുടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്

(ബി) പരമ്പരാഗത കൃഷിരീതിയായ പുരയിട കൃഷിരീതി സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത്;

(ബി) സംസ്ഥാനത്ത് പരമ്പരാഗത കൃഷിരീതിയായ പുരയിട കൃഷി രീതി സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി ആവശ്യമായ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കും. സ്കൂൾ വിദ്യാർത്ഥികൾ വഴി പച്ചക്കറി വിത്തുകിറ്റുകൾ വിതരണം ചെയ്യുന്നതിന് മുൻഗണന നൽകും. വെണ്ട, വഴുതന, മുളക് , പയർ, തുടങ്ങി വിവിധയിനം പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശ ങ്ങളിലെ മട്ടുപ്പാവിലെ കൃഷിയും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തേക്ക് എത്ര രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 1200 ലക്ഷം രുപ വക കൊള്ളിച്ചിട്ടുണ്ട്. ഇതിനു പുറമെ പച്ചക്കറി കൃഷി വികസനത്തിനായിട്ടുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി പോളിഹൗസും ഓപ്പൺ ഹൈടെക് കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി 250 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ